Questions posted for answer on 7th March 1951

പനച്ചമൂട്ട് ചന്ത

*൯൭൮. (൫) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിങ്കര താലൂക്കിൽ പനച്ചമൂട്ട ചന്ത അനവധി ആളുകൾ കൂടുന്ന ഒരു പ്രധാനപ്പെട്ട ചന്തയാണെന്നറിയാമോ;

(ബി) ആ ചന്തയിലെ ചവറ ലേലംചെയ്യ കൊടുത്തിട്ടുള്ളതു് ആരു്, എത്രയുകയ്ക്കു്;

(സി) ടി ചന്തയിലുള്ള കിണർ ഇറയ്ക്കുന്നതിനുംമറ്റുമായി കഴിഞ്ഞ രണ്ടു വർഷങ്ങളിലേക്കു് ഗവൺമെൻറിലേക്കു് എത്രകിലും തുക ചെലവായതായി കണക്കുകൾ ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അറിയാം.

(ബി) ശ്രീ. സി. എസ്സു്. പിള്ളക്കണ്ണുവിനു്. ₹ ൫ – ₹ ൬ ₹–ലേക്കു് ൨ ൦ ൦ രൂപ.

(സി) ഇല്ല.

FOREST AREA FOR G.M.F. SCHEMES

*975. [7] **Sri. K. Ramachandran:** May I know from the Hon'ble Minister for Education, Labour and Civil Supplies:

(*a*) the total area of forest made available to Grow More Food Schemes;

(*a*) the area set aside for distribution during the current year;

(*c*) the total returns by way of sale of timber, etc., from the reserves already made over?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) About 36000 acres.

(*b*) About 1835 acres.

(*c*) Not yet ascertained as the timber extraction has not been completed.

എക്സ്റേ സ്ഥാപനം

*൯൭൯. (൧൦) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയിൽ എക്സ്റേ സ്ഥാപനം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടു്;

(ബി) എപ്പോൾ പ്രവർത്തനം ആരംഭിക്കും?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള എക്സ്റേ സെക്ഷന്റെ ജോലി മിക്കവാറും പൂർത്തിയായിട്ടുണ്ടു്. ഇനി ശരിയാകാനുള്ളതു് എത്രയും കൂടുതൽ എലക്ട്രിക്കു് ഫാൻസും, ലൈറ്റുവിളക്കുകളും, വാർഡുഗ്ലാസുകളും ഘടിപ്പിക്കുക മാത്രമാണു്.

(ബി) ഈ വക ഫിറ്റിംഗ്സു് എല്ലാം തയ്യാറായാൽ എക്സ്റേ പ്രവർത്തനം ഉടൻ തുടങ്ങുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly